**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **13-02-2024 - ൽ മറുപടിയ്ക്ക്**

**മേക്ക് ഇൻ കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനവും തൊഴിൽ സംരംഭങ്ങളും നിക്ഷേപ സാധ്യതകളും വർധിപ്പിക്കുന്നതിനായി മേക്ക് ഇൻ കേരള പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനവും തൊഴിൽ സംരംഭങ്ങളും നിക്ഷേപ സാധ്യതകളും വർധിപ്പിക്കുന്നതിനായി മേക്ക് ഇൻ കേരള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് "മേക്ക് ഇൻ കേരള" പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി മൂലം എം.എസ്.എം.ഇ-കൾ നേരിടുന്ന നിലവിലുള്ള വെല്ലുവിളികൾ പരിഹരിക്കുന്നതിനും, ഇറക്കുമതി ബദൽ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സംസ്ഥാനത്തെ ഉല്പാദന മേഖലയെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി സമഗ്രമായ ഒരു പദ്ധതിയായിട്ടാണ് "മേക്ക് ഇൻ കേരള" നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>മേക്ക് ഇൻ കേരള പദ്ധതിയുടെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ മൂന്നു വർഷത്തെ കാലയളവിനുള്ളിൽ പൂർത്തീകരിക്കുവാനായി വിഭാവനം ചെയ്തിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള 6 മേഖലകൾക്ക് കീഴിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്:<br><br>**പെർസെപ്ഷൻ/ചേഞ്ച്**<br><br>കേരളത്തിലെ വ്യവസായ അന്തരീക്ഷത്തെ കുറിച്ചുള്ള പൊതു കാഴ്ചപ്പാട് മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ; കേരളം കൂടുതൽ വ്യവസായ |

സൗഹൃദം ആയതിനെക്കുറിച്ചുള്ള വിവരം പൊതുസമൂഹത്തിനിടയിൽ പ്രചരിപ്പിക്കുക; അതുവഴി നൂതന നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കുക

**ധനകാര്യ ലഭ്യത ഉറപ്പുവരുത്തുക**

സ്ഥിരമൂലധനം/പ്രവർത്തനമൂലധനം/ മാർക്കറ്റിംഗ്/ സാങ്കേതികവിദ്യ/ അഡ്മിനിസ്ട്രേറ്റീവ് സഹായങ്ങൾ എന്നിവയുൾപ്പെടെ എം.എസ്.എം.ഇ -കൾക്ക് ആകർഷകമായ ഇൻസെന്റീവുകൾ പുതിയ വ്യാവസായിക നയത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

**മേഖല അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം**

സംസ്ഥാനത്തെ ഇറക്കുമതി കുറയ്ക്കുന്നതിനും കയറ്റുമതി കൂട്ടുന്നതിനും വേണ്ടി വിശദമായ പഠനം നടത്തുകയും, ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്തുന്നതിനായി ഏതെല്ലാം മേഖലകളിൽ കൂടുതൽ ഊന്നൽ നൽകണമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവയ്ക്കായി തന്ത്രപരമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് പുതിയ നയം പ്രഖ്യാപിക്കും.

**ഭൂമിയുടെ ലഭ്യത**

പ്രൈവറ്റ് വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ, എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്ത് വ്യവസായത്തിനുള്ള സ്ഥലലഭ്യത ഉറപ്പാക്കുക

**മാർക്കറ്റിംഗ് & പ്രമോഷൻ**

ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുക, ബ്രാൻഡിംഗ്, പാക്കേജിംഗ് എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന പ്രത്യേക ഗവേഷണ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഓൺലൈൻ/ഇ-കൊമേഴ്സ് ചാനലുകളിൽ ഉൽപ്പന്നങ്ങൾ ഓൺബോർഡ് ചെയ്യുക, തദ്ദേശീയ ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, കയറ്റുമതി ചാനലുകൾ ശക്തിപ്പെടുത്തുക തുടങ്ങിയവ.

**ടെക്നോളജി & ഇന്നൊവേഷൻ**

അത്യാധുനിക ഉൽപാദന പരിശീലന സൗകര്യങ്ങളുള്ള സംസ്ഥാനതല ടെക്നോളജി സെന്റർ സ്ഥാപിക്കുക, ഉൽപാദനരംഗത്ത് നൂതന സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി നിക്ഷേപം, നവീകരണം, ഉല്പാദനം, തൊഴിൽ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ഏതൊക്കെ മേഖലകളിൽ ഇൻസെന്റീവുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ വ്യാവസായിക നയത്തിന്റെ ഭാഗമായി പരാമർശിച്ചിരിക്കുന്ന എല്ലാ ഇൻസെന്റീവുകളും മേക്ക് ഇൻ കേരള പദ്ധതിയുടെ കീഴിൽ വരുന്നതാണ്. വ്യവസായനയം അനുസരിച്ച് 22 മുൻഗണനാ മേഖലകളിൽ ആരംഭിക്കുന്ന/ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്ക് 18 സാമ്പത്തിക ആനുകൂല്യങ്ങൾ വാഗ്ദാനംചെയ്യുന്നു. താഴെപറയുന്ന ഇൻസെന്റീവുകളാണ് നൽകിവരുന്നത്:<br><br>കുറഞ്ഞ പലിശാ വായ്പകൾ<br><br>മൂലധന സബ്സിഡി ഇൻസെൻറ്റീവ്<br><br>ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ<br><br>ഐ.പി. വഴിയുള്ള ധനസമാഹാരണത്തിന് റീ-ഇംപേഴ്സ്മേന്റ് സഹായം<br><br>നിക്ഷേപ സബ്സിഡി<br><br>എസ്.ജി.എസ്.റ്റി റീ-ഇംപേഴ്സ്മെന്റ്<br><br>തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനസഹായം<br><br>നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിന് ധനസഹായം<br><br>വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം<br><br>ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് റീ-ഇംപേഴ്സ്മെന്റ് ധനസഹായം<br><br>ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം (റീ-ഫണ്ട്)<br><br>സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ (റീ-ഇംപേഴ്സ്മെന്റ് ധനസഹായം)<br><br>നിർമാണമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്ക് (റീ-ഇംപേഴ്സ്മെന്റ്)<br><br>ഗവേഷണ വികസന പ്രോത്സാഹനം<br><br>സ്റ്റാർട്ടപ്പുകൾക്കായുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം |

| | | | |
|---|---|---|---|
| | | | മെയ്ഡ് ഇൻ കേരള (ബ്രാൻഡിങ്ങും മാർക്കറ്റിംഗും) - റീ-ഇംപേഴ്സ്മെന്റ് സഹായം<br><br>Production Linked Incentive (PLI) നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ്. |
| (സി) | സംരംഭകരെ ആകർഷിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും തുടരുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും കെ-സ്വിഫ്റ്റ്, കെ-സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം, മീറ്റ് ദി ഇൻവെസ്റ്റർ എന്നീ പദ്ധതികൾ മുഖേന സാധ്യമാകുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018-ൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്, ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT എന്ന സോഫ്റ്റ് വെയർ നിലവിലുണ്ട്.<br><br>2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നതിൻ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്ററ്) മുഖാന്തിരം സ്വീകരിച്ച്, ഭൗതിക പരിശോധന ഇല്ലാതെ, ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.<br><br>വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി ഒരു കേന്ദ്രീകൃത |

പരിശോധനാസംവിധാനം (K-CIS) നിലവിൽ വന്നിട്ടുണ്ട്.

വ്യവസായങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു വരികയാണ്. നടപടിക്രമങ്ങൾ ലളിതമാക്കൽ, ലൈസൻസിംഗിനും പരിശോധനയ്ക്കുമുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സംരംഭങ്ങളിൽ ആവശ്യമായ വിവിധ പരിശോധനകളും ഇൻസ്പെക്ഷനുകളും സുഗമമായി നടത്തുന്നതിന് വിവിധ ഏജൻസികളുടെ പരിശോധനകൾ ഒരുമിച്ച് നടത്തുന്നതിനായുള്ള ഓൺലൈൻ സംവിധാനമായ K-CIS-ൽ വിവിധ വകുപ്പുകളുടെ സഹകരണത്തിൽ നടക്കുന്ന ജോയിന്റ് ഇൻസ്പെക്ഷനുകൾ നടപ്പാക്കുന്നു. സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം, ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ചുവടെ പറയുന്ന മൂന്ന് തരത്തിലുള്ള പരിശോധനകൾ വിഭാവനം ചെയ്തിട്ടുണ്ട്

ഒരു യൂണിറ്റിന്റെ വാണിജ്യ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് നടത്തിയ പരിശോധനകൾ

ബന്ധപ്പെട്ട വകുപ്പിന്റെ/ ഏജൻസിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള പതിവു പരിശോധന

പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധന

നൂറു കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് 'മീറ്റ് ദ ഇൻവെസ്റ്റർ'. ഓരോ സംരംഭകരുടേയും വ്യവസായികളുടേയും അഭിപ്രായങ്ങൾ തേടുകയും സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവയ്ക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി-യെയും കിൻഫ്ര-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | നാളിതുവരെ മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതിയുടെ ഭാഗമായി 40ലധികം വ്യവസായികളുമായി ഇൻവെസ്റ്റർ പിച്ച് യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസായികളിൽ ആസ്കോ ഗ്ലോബൽ, ബിൽടേക്, നെസ്റ്റോ ഗ്രൂപ്പ് തുടങ്ങി ഒട്ടനവധി സംരംഭങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് സംരംഭങ്ങൾ പ്രോജക്റ്റ് കൺസ്ട്രക്ഷന്റെയോ ഇമ്പ്ലിമെന്റേഷന്റെയോ വിവിധ ഘട്ടങ്ങളിലാണ്. മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതിയുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനയോഗങ്ങൾ ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറുടെയും നേതൃത്വത്തിൽ സമയാസമയങ്ങളിൽ അവലോകനം ചെയ്തു വരുന്നു. സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതി പ്രധാന പങ്ക് വഹിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ